2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ട് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ

*9 [249] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ ഡി. സുഗതൻ:
„ ലൂഡി ലൂയിസ്:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ട് അനുസരിച്ച് കാർഷിക കടങ്ങളുടെ കാര്യത്തിൽ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കുന്നതിനായി അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ട് പ്രാബല്യത്തിൽ വന്ന 29-12-2001-നോ അതിനു മുൻപോ സഹകരണ സംഘങ്ങളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കടങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ടി നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം നിയമം പ്രബല്യത്തിൽ വന്ന 29-12-2001 മുതൽ ആറ് മാസകാലത്തേക്ക് വ്യവഹാരങ്ങൾക്കും അപേക്ഷകൾക്കും ക്രിമിനൽ നടപടികൾക്കും മറ്റു നടപടികൾക്കും വിലക്ക് കല്പിച്ചിട്ടുണ്ട്. 4-ാം വകുപ്പ് പ്രകാരം കടം പുനർ നിശ്ചയിച്ച് പരമാവധി ആറ് മാസത്തിനുള്ളിൽ ആദ്യ ഗഡു തുടങ്ങി മുപ്പത് ഗഡുക്കളായി കടം തിരിച്ചടയ്ക്കാനുള്ള സാവകാശം നൽകിയിട്ടുണ്ട്.

5 (1)-ാം വകുപ്പ് പ്രകാരം ആറ് മാസത്തേയ്ക്ക് സഹകരണ സംഘത്തിന് നൽകേണ്ട കടത്തിന് പലിശയിളവ് അനുവദിച്ചിട്ടുണ്ട്.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ

*10 [250] ശ്രീ. രാജു എബ്രഹാം:
„ കോടിയേരി ബാലകൃഷ്ണൻ:
„ എ. കെ. ബാലൻ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി തയ്യാറാക്കിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനഃസംഘടനാ പരിപാടികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; റിഫോംസ് കമ്മിറ്റി ശുപാർശ പൂർണ്ണമായും അംഗീകരിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly